No: H2-127/2022/KSHC Date: 03.06.2022

**ഹജ്ജ് -2022**
**കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി.**
**ഹജ്ജ് ക്യാമ്പ്. നെടുമ്പാശ്ശേരി.**

## പ്രസ്സ് റിലീസ്.

നെടുമ്പാശ്ശേരി.

കൊവിഡ് മഹാമാരിയുടെ പശ്ചാതലത്തിൽ രണ്ടു വർഷത്തെ ഇടവേളക്കു ശേഷം, ഇന്ത്യയിൽ നിന്നുള്ള ആദ്യ ഹജ്ജ് തീർത്ഥാടക സംഘത്തെ വഹിച്ചുള്ള (377 പേർ)സഊദി അറേബ്യൻ എയർലൈൻസിന്റെ എസ് വി 5747 നമ്പർ വിമാനം നാളെ (4.6.2022 ശനി)രാവിലെ 8.30 ന് നെടുമ്പാശ്ശേരിയിൽ നിന്നും മദീനയിലേക്ക് പുറപ്പെടും. സഊദി സമയം രാവിലെ 11.30 ന് മദീനയിലെത്തും.

2019 ന്റെ അവസാനത്തോടെ ആഗോള തലത്തിൽ വ്യാപിച്ച കൊവിഡിന്റെ പശ്ചാതലത്തിൽ 2020, 21 വർഷങ്ങളിൽ ഹജ്ജ് തീർത്ഥാടനത്തിനുള്ള അവസരം ആഭ്യന്തര തീർത്ഥാടകർക്കു മാത്രമായി സഊദി ഹജ്ജ് മന്ത്രാലയം പരിമിതപ്പെടുത്തിയിരുന്നു. കൊവിഡ് സാഹചര്യങ്ങൾ അനുകൂലമായി തുടങ്ങിയതോടെ ഇന്ത്യയിൽ നിന്നടക്കമുള്ള തീർത്ഥാടകർ വലിയ പ്രതീക്ഷയിലായിരുന്നു. വിദേശ തീർത്ഥാടകർക്കു ഹജ്ജിനുള്ള അവസരം ലഭ്യമാകുമെന്ന നിഗമനത്തിൽ കേന്ദ്ര, സംസ്ഥാന ഹജ്ജ് കമ്മിറ്റികൾ ഹജ്ജ് അപേക്ഷാ സംബന്ധമായ ഒരുക്കങ്ങൾ നേരത്തെ ആരംഭിച്ചിരുന്നു. ലോകത്തിന്റെ എല്ലാ ദിക്കുകളിൽ നിന്നുമുള്ള ലക്ഷക്കണക്കിനു തീർത്ഥാടകർ സംബന്ധിക്കുന്നതിനാൽ ആഗോളാടിസ്ഥാനത്തിലുള്ള കൊവിഡ് സാഹചര്യം പരിശോധിച്ച ശേഷമായിരുന്നു നിബന്ധനകളോടെ വിദേശ തീർത്ഥാടകരുടെ ഹജ്ജിനുള്ള അവസരം സംബന്ധിച്ച് സഊദി ഹജ്ജ് ഉംറ മന്ത്രാലയം ഔദ്യോഗിക അറിയിപ്പ് നൽകിയത്.

സഊദി അറിയിപ്പ് ലഭ്യമായതോടെ ഈ വർഷത്തെ ഹജ്ജിനുള്ള എല്ലാവിധത്തിലുമുള്ള ഒരുക്കങ്ങൾ കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാന ഹജ്ജ് കമ്മിറ്റി സമയബന്ധിതമായി പൂർത്തീകരിച്ചു.
ഹജ്ജിനു അപേക്ഷിക്കാനുള്ള ഉയർന്ന പ്രായ പരിധി ആദ്യ ഘട്ടത്തിൽ 65 വയസ്സായി പരിമിതപ്പെടുത്തിയിരുന്നെങ്കിലും ശേഷം പ്രായ പരിധി സഊദി അധികൃതർ ഒഴിവാക്കിയിരുന്നു. ഇത് പ്രകാരം കേരളത്തിൽ നിന്നടക്കം 65 വയസ്സിനു മുകളിലുള്ള നിരവധിപേർ ഹജ്ജിനു അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ആരോഗ്യ സുരക്ഷാ പരിഗണിച്ച് ഉയർന്ന പ്രായ പരിധി വീണ്ടും 65 വയസ്സായി പരിമിതപ്പെടുത്തുകയായിരുന്നു.
ഇത് പ്രകാരം കേരളത്തിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന 10565 പേർ അപേക്ഷ സമർപ്പിച്ചു. ഇതിൽ 1694 പേർ സ്ത്രീകൾ മാത്രമുള്ള പ്രത്യേക കാറ്റഗറിയിലുള്ളവരും ശേഷിക്കുന്ന 8871 പേർ ജനറൽ കാറ്റഗറിയിലുമുള്ളവരാണ്

ഇന്ത്യയുടെ ക്വാട്ട ലഭിച്ചതു പ്രകാരം കേന്ദ്ര ഹജ്ജ് കമ്മിറ്റി സീറ്റുകൾ വിവിധ സംസ്ഥാനങ്ങൾക്കു വീതം വെച്ചതു പ്രകാരം കേരളത്തിനു ആദ്യ ഘട്ടത്തിൽ 5274 സീറ്റുകൾ ലഭിക്കുകയുണ്ടായി.

ആകെ ലഭിച്ച അപേക്ഷകളിൽ നിന്നും സ്ത്രീ വിഭാഗത്തിലുള്ള 1691 പേർക്ക് നേരിട്ട് അവസരം നൽകുകയും ശേഷിക്കുന്ന 8871 പേരിൽ നിന്നും 3583 പേരെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ടുകയും ചെയ്തു.

തെരഞ്ഞെടുക്കപ്പെടാത്തവർക്ക് വെയ്റ്റിങ് ലിസ്റ്റ് ക്രമ നമ്പർ അനുവദിക്കുകയും ചെയ്തു. തുടർന്ന് വിവിധ കാരണങ്ങളാൽ യാത്ര ക്യാൻസൽ ചെയ്ത സീറ്റിലേക്ക് വെയ്റ്റിങ് ലിസ്റ്റിലുള്ള 484 പേർക്ക് അവസരം ലഭിക്കുകയും ചെയ്തു.

ഇതു പ്രകാരം നിലവിൽ കേരളത്തിൽ നിന്നും അവസരം ലഭിച്ചവർ 5758 പേരാണ്. ഇതിൽ 2056 പേർ പുരുഷന്മാരും 3702 പേര് സ്ത്രീകളുമാണ്.

മുൻ വർഷങ്ങളിൽ നിന്നും വിഭിന്നമായി ഹജ്ജ് യാത്രക്കുള്ള ഒരുക്കങ്ങൾക്കു വളരെ പരിമിതമായ സമയമാണ് ഇത്തവണ ലഭിച്ചിട്ടുള്ളത്. ഹജ്ജ് ക്വാട്ട ലഭ്യമാവുന്നതിനു താമസം നേരിട്ടതിനാൽ നറുക്കെടുപ്പും അനുബന്ധ കാര്യങ്ങളും അതിനനുസരിച്ച് ക്രമീകരിക്കുകയായിരുന്നു. ഏപ്രിൽ 30 ശനിയാഴ്ചയാണ് കേരളത്തിൽ ഹജ്ജ് നറുക്കെടുപ്പ് നടത്തിയത്. തുർന്നുള്ള ഒരു മാസക്കാലയളവിൽ ഹജ്ജ് ട്രൈനർമാരെ തെരഞ്ഞെടുക്കൽ, സംസ്ഥാനത്തുടനീളം 36 കേന്ദ്രങ്ങളിൽ സാങ്കേതിക പഠന ക്ലാസ്സുകൾ സംഘടിപ്പിക്കൽ, പണം അടക്കലും പാസ്പോർട്ട് അനുബന്ധ രേഖകൾ സമർപ്പിക്കൽ, ഖാദിമുൽ ഹുജ്ജാജ് ഇന്റർവ്യൂ, പരിശീലനം, വെയ്റ്റിങ് ലിസ്റ്റ് റിലീസിങ്, ക്യാമ്പ് ഓർഗനൈസിങ് കമ്മിറ്റി രൂപീകരണം തുടങ്ങി വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിലാണെങ്കിലും സംസ്ഥാന സർക്കാറിന്റെയും , ഹജ്ജ് കമ്മിറ്റിയുടേയും, ഹജ്ജ് ട്രൈനർമാരുടേയും ഏകോപിച്ചുള്ള പ്രവർത്തനം കൊണ്ട് ഭംഗിയായി പൂർത്തീകരിക്കാൻ സാധിച്ചു.

ഹാജിമാരുടെ സൗകര്യം പരിഗണിച്ച് ഹജ്ജ് എംബാർക്കേഷൻ പോയിന്റ് ഈ വർഷം കരിപ്പൂരിൽ അനുവദിച്ച് കിട്ടുന്നതിനു സംസ്ഥാന സർക്കാറും, ഹജ്ജ് കമ്മിറ്റിയും, ജനപ്രതിനിധികളും സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയിരുന്നു. സാങ്കേതിക തടസ്സങ്ങൾ കാരണം എംബോർക്കേഷൻ പോയിന്റ് കരിപ്പൂരിൽ അനുവദിച്ചുകിട്ടാത്ത സാഹചര്യം വന്നപ്പോൾ ഹാജിമാർക്ക് നെടുമ്പാശ്ശേരിയിൽ മികച്ച സൗകര്യം ഒരുക്കുന്നതിനു സംസ്ഥാന ഹജ്ജ് കമ്മിറ്റി വളരെ നേരത്തെ തന്നെ സിയാൽ അധികൃതരുമായി വിവിധ സമയങ്ങളിൽ ചർച്ച നടത്തുകയും അതനുസരിച്ച് സിയാലിന്റെ നേതൃത്വത്തിൽ മികച്ച സൗകര്യങ്ങളാണ് ഹജ്ജ് ക്യാമ്പിൽ ഒരുക്കിയിട്ടുള്ളത്. ഒരേ സമയം ആയിരത്തി അഞ്ഞൂർ പേർക്ക് പ്രാർത്ഥന നിർവ്വഹിക്കാനും താമസം, ഭക്ഷണം, പ്രാഥമിക ആവശ്യങ്ങൾക്കുള്ള വിപുലമായ സൗകര്യവും ഹജ്ജ് ക്യാമ്പിൽ ഒരുക്കിയിട്ടുണ്ട്.

ഹജ്ജ് ക്യാമ്പിന്റെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനു കമ്മിറ്റി അംഗങ്ങൾ ചെയർമാന്മാരായിക്കൊണ്ടുള്ള വിവിധ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹാജിമാർ ക്യാമ്പിൽ റിപ്പോർട്ട് ചെയ്യുന്നത് മുതൽ വിമാനം കയറുന്നത് വരെയുള്ള എല്ലാ സേവനങ്ങളും ചെയ്തു നൽകുന്നതിനു 350 അംഗ വോളണ്ടിയർ സംഘം ഹജ്ജ് ക്യാമ്പിൽ സേവനത്തിനുണ്ട്. വനിതാ തീർത്ഥാടകർക്കു സേവനം ചെയ്യുന്നതിനായി വനിതാ വോളോണ്ടിയർമാരെയും പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. ഹാജിമാരുടെ ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾക്കായി ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ഡോക്ടർമാർ, അവശ്യ മരുന്നുകൾ, ആംബുലൻസ് സേവനം തുടങ്ങിയ സൗകര്യങ്ങളുള്ള പ്രത്യേക മെഡിക്കൽ

സംഘത്തെ (അലോപ്പതി, ഹോമിയോ) ക്യാമ്പിൽ സജ്ജീകരിച്ചിട്ടുണ്ട്. യാത്രപുറപ്പെടുന്നതിനു മുമ്പ് ഹാജിമാർക്ക് നൽകുന്ന കുത്തിവെപ്പ് നൽകുന്നത് ഈ മെഡിക്കൽ സംഘമാണ്.

സൗദി അറേബ്യൻ എയർലൈൻസിന്റെ 377 പേർക്ക് സഞ്ചരിക്കാവുന്ന 20 വിമാനങ്ങളിലായി ജൂൺ പതിനാറ് വരെയാണ് നിലവിലെ യാത്രാ ഷെഡ്യൂൾ. കേരളത്തിനു പുറമെ തമിഴ്നാട്, പോണ്ടിച്ചേരി, ലക്ഷദ്വീപ്, അന്തമാൻ തുടങ്ങിയ സംസ്ഥാന/ കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുള്ള 1966 പേരും നെടുമ്പാശ്ശേരി വഴിയാണ് യാത്രയാവുന്നത്. ആദ്യ വിമാനത്തിന്റെ ഫ്ലാഗ് ഓഫ് കർമ്മം നാളെ (4.6.2022 ശനി) രാവിലെ 8.30 ബഹു സംസ്ഥാന ഹജ്ജ് കാര്യ വകുപ്പ് മന്ത്രി വി അബ്ദു റഹ്മാൻ നിർവ്വഹിക്കും. ചടങ്ങിൽ ബഹു സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്, തുറമുഖ വകുപ്പ് മന്ത്രി അഹ്മദ് ദേവർകോവിൽ, കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ എ പി അബ്ദുള്ളക്കുട്ടി, സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി, പി. ടി എ റഹീം എം. എൽ.എ, അൻവർ സാദത്ത് എം. എൽ. എ, കേന്ദ്ര ഹജ്ജ് കമ്മിറ്റി വൈസ് ചെയർമാൻ, ജില്ലാ കലക്ടർ ജാഫർ മാലിക്, മലപ്പുറം ജില്ലാ കലക്ടറും ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസറുമായ വി ആർ പ്രേം കുമാർ, ഹജ്ജ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിക്കും.

നാളെ (4.6.2022 ശനി) വൈകുന്നരം നാല് മണിക്ക് ഹജ്ജ് ക്യാമ്പിൽ പ്രത്യേകം സജ്ജമാക്കി വേദിയിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന യാത്രയാവുന്ന തീർത്ഥാടർക്കുള്ള യാത്രയയപ്പ് സംഗമം നടക്കും. ബഹു സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് ചടങ്ങ് ഉദ്ഘാടനം ചെയ്യും. ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിക്കും.

ഹജ്ജ് കമ്മിറ്റി അംഗം പി വി അബ്ദുൽ വഹാബ് എം. പി, ബെന്നി ബഹനാൻ എം. പി, എ എം ആരിഫ് എം. പി, ഡോ. കെ ടി ജലീൽ എം. എൽ എ. പി ടി എ റഹീം എം. എൽ എ, മുഹമ്മദ് മുഹ്സിൻ എം. എൽ എ, അൻവർ സാദത്ത് എം എൽ എ, റോജി ജോൺ എം. എൽ എ, ടി. വി ഇബ്റാഹീം എം. എൽ.എ, മുൻ മന്ത്രി വി കെ ഇബ്റാഹീം കുഞ്ഞ്, ജില്ലാ കലക്ടർ ജാഫർ മാലിക്, പാണക്കാട് സാദിഖ് അലി ശിഹാബ് തങ്ങൾ, കാന്തപുരം എ. പി അബൂബക്കർ മുസ്ലിയാർ, സയ്യിദ് ജിഫ് രി മുത്തുക്കോയ തങ്ങൾ, സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി, സംസ്ഥാന വഖഫ് ബോർഡ് ചെയർമാൻ അഡ്വ. ടി കെ ഹംസ, മദ്റസ അധ്യാപക ക്ഷേമനിധി ബോർഡ് ചെയർമാൻ സൂര്യ അബ്ദുൽ ഗഫൂർ, എ എം യൂസുഫ് (മുൻ എം. എൽ എ), സിയാൽ മാനേജിങ്ങ് ഡയറക്ടർ എസ് സുഹാസ് ഐ എ എസ്, മുൻ ജി സി ഡി എ ചെയർമാൻ വി സലീം, ലക്ഷദ്വീപ് എം. പി. പി പി ഫൈസൽ, ഉമർ ഫൈസി മുക്കം, കടക്കൽ അബ്ദുൽ അസീസ് മൗലവി, തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി, പ്രൊഫ. എ കെ അബ്ദുൽ ഹമീദ്, വി സലീം, ഡോ. ഫസൽ ഗഫൂർ, അലി ദാരിമി വി. എച്ച്, സി പി ഉമർ സുല്ലമി, പി കെ അഹ്മദ്, ഡോ. ഹുസൈൻ മടവൂർ, സി പി കുഞ്ഞു മുഹമ്മദ്, വഖഫ് ബോർഡ് സി ഇ ഒ സക്കീർ ഹുസൈൻ, അഡ്വ. മുഹമ്മദ് ഷിയാസ്, മലപ്പുറം ജില്ലാ കലക്ടറും ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസറുമായ വി. ആർ പ്രേം കുമാർ, ഹജ്ജ് ക്യാമ്പ് ഓർഗനൈസിങ്ങ് കമ്മിറ്റി ജനറൽ കൺവീനർ അഡ്വ. മൊയ്തീൻകുട്ടി, ഹജ്ജ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിക്കും.

വാർത്ത സമ്മേളനത്തിൽ ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി, ഓർഗനൈസിങ്ങ് കമ്മിറ്റി ജനറൽ കൺവീനർ അഡ്വ. മൊയ്തീൻ കുട്ടി, മീഡിയ സമിതി ചെയർമാൻ മുഹമ്മദ് റാഫി. പി. പി ഹജ്ജ് കമ്മിറ്റി അംഗങ്ങളായ ഡോ. ഐ പി അബ്ദു സലാം, സഫർ കയാൽ, ഉമർ ഫൈസി മുക്കം, മുഹമ്മദ് ഖാസിം കോയ, പി ടി അക്ബർ എന്നിവരും തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി, അസി സെക്രട്ടറി എൻ മുഹമ്മദലി, മീഡിയ സമിതി കൺവീനർ ഷബീർ മണക്കാടൻ തുടങ്ങിയവർ പങ്കെടുത്തു.

Sd/-

**സി മുഹമ്മദ് ഫൈസി.**

**ചെയർമാൻ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി**